12 5925
26/9/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - NGO പോളിസി - NGO അക്രഡിറ്റേഷൻ സംബന്ധിച്ച് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ കേരള സെന്റർ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.574/2015/സാനീവ തിരുവനന്തപുരം, തീയതി, 15.09.2015

---

പരാമർശം : (1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 20.06.2015 ലെ AU-27164/15 നമ്പർ കത്ത്
(2) 20.08.2015 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് NGO പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സേവന സന്നദ്ധതയും പ്രവർത്തന മികവും തെളിയിച്ചിട്ടുള്ള സന്നദ്ധസംഘടനകളെ തിരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ കേരളാ സെന്റർ സമർപ്പിച്ച രൂപരേഖ അംഗീകരിക്കുന്നതിനും ടി പ്രവർത്തനങ്ങൾക്കാവശ്യമായ 14,45,063/- രൂപ അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ പരാമർശ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, NGO അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ കേരളാ സെന്റർ ലഭ്യമാക്കിയ രൂപരേഖ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കാവശ്യമായ 14,45,063/- രൂപ (പതിനാല് ലക്ഷത്തി നാല്പ്പത്തി അയ്യായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-104-83 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ & ഇ) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്

വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ